നേരിട്ട് നടത്തുന്ന ഓരോ നന്മ സ്റ്റോറിലും ശരാശരി രണ്ട് ജീവനക്കാർ വീതം നിയമിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആകെ 1720 ജീവനക്കാരാണ് ഉള്ളത്. സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ അതാതു സംഘത്തിലെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്. ഇപ്പോൾ ആകെ 1611 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ	സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകൾ
തിരുവനന്തപുരം	119	130
കൊല്ലം	193	165
ആലപ്പുഴ	135	51
പത്തനംതിട്ട	69	108
കോട്ടയം	33	12
ഇടുക്കി	31	27
എറണാകുളം	57	20
തൃശ്ശൂർ	40	39
പാലക്കാട്	53	19
മലപ്പുറം	74	25
കോഴിക്കോട്	20	40
വയനാട്	9	23
കണ്ണൂർ	19	50
കാസർഗോഡ്	8	42
ആകെ	860	751

നന്മ, ത്രിവേണി സ്റ്റോറുകൾ

78 (424) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ ആരംഭിച്ച എത്ര നന്മ/ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ ഏറിയ പങ്കും വില്പനക്ക് വേണ്ടത്ര സാധനങ്ങളില്ലാതെ, കാര്യമായ വിറ്റുവരവില്ലാതായ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജില്ലകളിൽ പ്രവർത്തനം നിർത്തിയ കൺസ്യൂമർ ഫെഡിന്റെ വില്പന കേന്ദ്രങ്ങളുടെയും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെയും വിവരം വിശദമാക്കുമോ ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ 239 ത്രിവേണി സ്റ്റോറുകളും ഫെഡറേഷൻ നേരിട്ട് നടത്തുന്ന 860 നന്മ സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(ബി) കൺസ്യൂമർഫെഡിന് ലഭ്യമായ ഫണ്ടിന്റെ കുറവുമൂലം ചില നന്മ/ ത്രിവേണി സ്റ്റോറുകളിൽ വിറ്റുവരവിൽ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജില്ലകളിലായി 11 ത്രിവേണി യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	നിർത്തലാക്കിയ ത്രിവേണി സ്റ്റോറുകളുടെ എണ്ണം
തിരുവനന്തപുരം	1
കൊല്ലം	2
പത്തനംതിട്ട	1
എറണാകുളം	4
തൃശ്ശൂർ	1
കോഴിക്കോട്	1
ആകെ	11

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ഒരു ജില്ലയിലും നിർത്തലാക്കിയിട്ടില്ല. എന്നാൽ ആകെ ആരംഭിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി യൂണിറ്റുകളിൽ 61 എണ്ണത്തിൽ പ്രവർത്തനം ടെസ്റ്റ് വർക്കിനുവേണ്ടിയും അറ്റകുറ്റപ്പണികൾ ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, സ്റ്റോക്ക് പരിമിതികൾ മൂലമുള്ള വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly